# കേരള സർക്കാർ

## ധനകാര്യ (രഹസ്യ) വകുപ്പ്

## സർക്കുലർ

നം.108/2018/ധന. തീയതി, തിരുവനന്തപുരം, 22.11.2018

വിഷയം :- ചെലവ് നിയന്ത്രണം — ഡയറികൾ അച്ചടിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- ജി.ഒ (പി) നം.577/2015/ധന. തീയതി 18.12.2015.

സംസ്ഥാന സർക്കാർ ചെലവ് നിയന്ത്രണ നടപടികളുടെ ഭാഗമായി സർക്കാർ വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / ഗ്രാൻഡ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ / ബോർഡുകൾ / കോർപ്പറേഷനുകൾ / സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ വരും വർഷങ്ങളിലേക്കുള്ള ഡയറികൾ അച്ചടിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ബി.പി.ഇ. റിപ്പോർട്ട് പ്രകാരം അവസാന മൂന്നു വർഷങ്ങളിൽ പ്രവർത്തന ലാഭത്തിലല്ലാത്ത സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തന്നെ ഡയറി അച്ചടിക്കാൻ പാടില്ല.
2. ഗ്രാൻഡ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ തുടങ്ങിയവ യാതൊരു കാരണവശാലും ഡയറി അച്ചടിക്കാൻ പാടില്ല. അത്യന്താപേക്ഷിതമാണെങ്കിൽ മുൻകൂർ ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ഗ്രാൻഡ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ/ബോർഡുകൾ/ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ക്ലാസ്- 1, 2 തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ ഡയറി ലഭ്യമാക്കാവുന്നതാണ്.
3. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും, ചെലവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായും ഓരോ വകുപ്പും അതിന് കീഴിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും അച്ചടിക്കുന്ന ഡയറികളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതാണ്.
4. ഡയറിയുടെ വലിപ്പം ക്രമപ്പെടുത്തി ചെലവ് കുറയ്ക്കേണ്ടതാണ്. ഇതിനായി ഈ രംഗത്തെ വിദഗ്ധരുടെ അഭിപ്രായം തേടാവുന്നതാണ്.
5. ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോഴും ഡയറിയുടെ പേപ്പറിന്റെയും ബയന്റിംഗിന്റെയും ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് വകുപ്പ് മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / ഗ്രാൻഡ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ / ബോർഡുകൾ / കോർപ്പറേഷനുകൾ /സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മേധാവികൾക്കുമേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പ്രിന്റിംഗ് ചെലവും ഇവരിൽ നിന്ന് ഈടാക്കുന്നതാണ്.

**പ്രദീപ് കുമാർ ബി.**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.

നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.

ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചിൻ / കാലിക്കട്ട് / മഹാത്മ ഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/മലയാളം സർവ്വകലാശാല/ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല.

എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറി. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,

ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ